കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിലെ 2007-08, 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17, 3.9 എന്നിവ പ്രകാരം യഥാക്രമം തടസ്സപ്പെടുത്തിയ 99,372/- (തൊണ്ണൂറ്റി ഒൻപതിനായിരത്തി മുന്നൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) രൂപ, 40,000/- (നാൽപതിനായിരം രൂപ മാത്രം) രൂപ എന്നിവയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 2635/2018/തസ്വഭവ. തിരുവനന്തപുരം, തീയതി 15.10.2018

---

പരാമർശം:- 1) ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.06.2015 ലെ എ 3-297/15 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 05.03.2016 ലെ എം3-22435/2016 നമ്പർ കത്ത്.

3) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 21.12.2016 ലെ കെ.എസ്.എ. 9687/പി.റ്റി.2/2016 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിലെ 2007-08, 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17, 3.9 എന്നിവ പ്രകാരം യഥാക്രമം 99,372/- രൂപ 40,000/- രൂപ എന്നിവ തടസ്സപ്പെടുത്തിയിരുന്നു. സർക്കാർ ഉത്തരവ്/സർക്കുലർ-ന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങിയതിനാലായിരുന്നു ഖണ്ഡിക 3.17 പ്രകാരം 99,372/- രൂപയും തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ പ്രകാരം വികസനഫണ്ട്/ തനത്ഫണ്ട് ഉപയോഗിച്ച് ഭക്ഷ്യധാന്യവിതരണം നടപ്പിലാക്കാൻ പാടില്ലായെന്നിരിക്കെ അറക്കുളം പി.എച്ച്.സി.യിൽ കിടത്തി ചികിത്സാ വിഭാഗത്തിന് തനത് ഫണ്ട് ഉപയോഗിച്ച് ഭക്ഷണം നൽകിയതിനാൽ ചെലവായ 40,000/- രൂപ ഖണ്ഡിക 3.9 പ്രകാരവും തടസ്സപ്പെടുത്തിയത്. തുടർന്ന് ടി തടസ്സപ്പെടുത്തൽ സാധൂകരിച്ച് നൽകുന്നതിലേയ്ക്കായി അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1)ലെ കത്ത് മുഖേന പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉൾപ്പെടെയുള്ള അപേക്ഷ ഉചിത മാർഗ്ഗേന പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുകയും ആയത് പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശയോടൊപ്പം പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ശേഷം സർക്കാർ പ്രസ്തുത അപേക്ഷയിൻമേൽ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായമാരായുകയും ടി റിപ്പോർട്ട് പരാമർശം (3) പ്രകാരം സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്യുകയുണ്ടായി.

2. സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടനുസരിച്ച്, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് മേൽപറഞ്ഞ തുകകൾ ചെലവഴിച്ചിരിക്കുന്നതെങ്കിലും നിർദ്ധനരായ രോഗികൾ ചികിത്സക്കായി എത്തുന്ന ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും രോഗികൾക്ക് ഭക്ഷണം നൽകാനുമാണ് പിൻവലിച്ച തുക വിനിയോഗിച്ചിരിയ്ക്കുന്നതിനാലും ആയത് ജനനന്മ ഉദ്ദേശിച്ചായതിനാലും 10.06.2015 തീയതി നടന്ന സാധാരണ മീറ്റിംഗിലെ 15(3), 15(4) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ പരിഗണിച്ചും മേൽ സൂചിപ്പിച്ച ഖണ്ഡികകൾ പ്രകാരമുള്ള പരാമർശത്തിന് സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ സർക്കാർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെടുകയുമുണ്ടായി.

3. മേൽ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ

അടിസ്ഥാനത്തിൽ മേൽ പ്രസ്താവിച്ചിട്ടുള്ള രണ്ട് ചെലവുകളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ചെലവഴിച്ചിരിയ്ക്കുന്നതെങ്കിലും നിർദ്ധനരായ രോഗികൾ ചികിത്സക്കായി എത്തുന്ന ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും രോഗികൾക്ക് ഭക്ഷണം നൽകുന്നതിനുമാണ് തുക വിനിയോഗിച്ചിട്ടുള്ളതെന്നതിനാലും 10.06.2015 തീയതിയിലെ 15(3), 15(4) നമ്പർ സാധാരണ മീറ്റിംഗ് തീരുമാനങ്ങൾ പരിഗണിച്ചും 23.06.2015 ലെ ഇടുക്കി ജില്ലാ മോണിറ്ററിംഗ് സമിതി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ, സാധൂകരണം സംബന്ധിച്ച കാര്യത്തിൽ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം എന്നിവ കണക്കിലെടുത്തും ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിലെ 2007-08, 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17, 3.9 എന്നിവ പ്രകാരം യഥാക്രമം തടസ്സപ്പെടുത്തിയിട്ടുള്ള 99,372/- (തൊണ്ണൂറ്റി ഒൻപതിനായിരത്തി മുന്നൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) രൂപ, 40,000/- (നാൽപതിനായിരം രൂപ മാത്രം) രൂപ എന്നിവയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, അറക്കുളം ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**